LIBRARY ARCHIVES Kerala Legislative Assembly

വകയിരുത്തിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ്**

103(1105) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ജീവനക്കാരുടെ കുറവ് പദ്ധതികളുടെ നടത്തിപ്പിന് തടസ്സമാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് വകുപ്പിൽ നിലവിലുണ്ടായിരുന്ന സീനിയോറിറ്റി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ജോയിന്റ് ഡയറക്ടർ മുതൽ താഴോട്ടുള്ള തസ്തികകളിൽ പ്രൊമോഷനുകൾ മുടങ്ങിയിരിക്കുന്ന സാഹചര്യത്തിൽ നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ടി കേസിന്റെ വിധിക്ക് വിധേയമായി സെക്രട്ടറി വരെയുള്ള തസ്തികയിലേക്കുള്ള പ്രൊമോഷൻ താൽക്കാലികമായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

പുതുതായി രൂപീകരിച്ച നഗരസഭകളിലും ഗ്രേഡ് ഉയർത്തിയ നഗസഭകളിലും പുതിയ തസ്തികകൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) സുപ്രീം കോടതിവിധിക്ക് വിധേയമായി സെക്രട്ടറി വരെയുള്ള തസ്തികകളിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകാൻ തിരുമാനിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി**

104(1106) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

**പദ്ധതി ആസൂത്രണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി**

105(1107) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. കെ. സി. മമ്മത് കോയ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ പദ്ധതികൾക്ക് അംഗീകാരം നല്കുന്നതിലെ കാലതാമസംമൂലം പദ്ധതിക്കുള്ള തുക സാമ്പത്തിക വർഷത്തിന്റെ അവസാനം തിരക്കുപിടിച്ച് ചെലവഴിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി ആസൂത്രണത്തിലെ കാലതാമസം ഒഴിവാക്കി, അനുവദിയമായ ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള അവസരമൊരുക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതി ആസൂത്രണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് ഒരു സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പദ്ധതി നിർവ്വഹണം സംബന്ധിച്ച് വകുപ്പുതലത്തിൽ അവലോകനയോഗം നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly